# മഹാത്മാ ഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂൺ 13

# വാർത്താക്കുറിപ്പ്

## എം ജി ഡിഗ്രി ഏകജാലകം: രണ്ടാം അലോട്മെന്റ് പ്രസിദ്ധീകരിച്ചു; ജൂൺ 17 ന് വൈകീട്ട് 4.30ന് മുൻപായി പ്രവേശനം നേടണം

മഹാത്മാ ഗാന്ധി സർവ്വകലാശാല ഏകജാലകം വഴിയുള്ള ഡിഗ്രി പ്രവേശനത്തിനുള്ള രണ്ടാംഘട്ട അലോട്മന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ടും യോഗ്യത തെളിയിക്കുന്ന അസൽ സാക്ഷ്യപത്രങ്ങളുമായി ജൂൺ 17ന് വൈകീട്ട് 4.30നകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടണം. ജൂൺ 17നകം ഫീസടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാകും. തുടർന്നുള്ള അലോട്ട്മെന്റിലേക്ക് പരിഗണിക്കില്ല.

അപേക്ഷകർ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ അവശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ റദ്ദാക്കണം. ഉയർന്ന ഓപ്ഷനുകൾ നിലനിർത്തിയാൽ തുടർന്നുള്ള അലോട്ട്മെന്റിൽ മാറ്റം വരാം. ഇങ്ങനെ മാറ്റം ലഭിച്ചാൽ പുതിയ അലോട്ട്മെന്റ് നിർബന്ധമായും സ്വീകരിക്കണം. ആദ്യ അലോട്ട്മെന്റ് നഷ്ടപ്പെടും. ഇപ്രകാരം മാറ്റം ലഭിക്കുന്നവർ വീണ്ടും ഫീസടയ്ക്കേണ്ടതില്ല.

ജൂൺ 18ന് ഓപ്ഷനുകൾ പുനഃക്രമീകരിക്കാൻ സൗകര്യം ലഭിക്കും. നിലവിൽ അലോട്മെന്റ് ലഭിച്ചവർ ഹയർ ഓപ്ഷനുകൾ നിലനിർത്താൻ ആഗ്രഹിക്കുന്ന പക്ഷം അലോട്മെന്റ് ലഭിച്ച കോളേജിൽ താത്കാലികമായി പ്രവേശനം നേടേണ്ടതാണ്. ഒന്നാം അലോട്ട്മെന്റിൽ ലഭിച്ച സ്റ്റാറ്റസ് തന്നെയാണ് രണ്ടാം അലോട്ട്മെന്റിലും കാണിക്കുന്നതെങ്കിൽ അതേ കോളേജിൽ പ്രവേശനത്തിന് വീണ്ടും റിപ്പോർട്ട് ചെയ്യേണ്ടതില്ല. വിവിധ പ്രോഗ്രാമുകളിലേക്കുള്ള ഫീസ് സംബന്ധിച്ച വിവരങ്ങൾ cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/1071/2019)

## പരീക്ഷഫലം തടഞ്ഞുവച്ചിരിക്കുന്ന വിദ്യാർഥികൾക്കുള്ള ബി.എ. സോഷ്യോളജി (പ്രൈവറ്റ് രജിസ്ട്രേഷൻ) സ്പെഷൽ പരീക്ഷ ജൂൺ 21ന്

2019 മാർച്ചിൽ നടന്ന സി.ബി.സി.എസ്.എസ്. അഞ്ചാം സെമസ്റ്റർ ബി.എ. സോഷ്യോളജി (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയുടെ 'മോഡേൺ സോഷ്യോളജിക്കൽ തിയറീസ്' എന്ന വിഷയത്തിനെറ പരീക്ഷഫലം തടഞ്ഞുവച്ചിരിക്കുന്ന 100 വിദ്യാർഥികൾക്കുവേണ്ടിയുള്ള പരീക്ഷ ജൂൺ 21ന് നടക്കും. പരീക്ഷകേന്ദ്രങ്ങൾക്ക് മാറ്റമില്ല. വിദ്യാർഥികൾ പരിക്ഷഫീസടയ്ക്കേണ്ടതില്ല. രജിസ്റ്റർ നമ്പറുകളുടെയും പരീക്ഷകേന്ദ്രങ്ങളുടെയും വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1072/2019)

## പ്രാക്ടിക്കൽ

2019 മെയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.എ. മ്യൂസിക് വയലിൻ സി.ബി.സി.എസ്./സി.ബി.സി.എസ്.എസ്. (റഗുലർ/ഇംപ്രൂവ്മെന്റ്/റീഅപ്പിയറൻസ്) പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂൺ 17 മുതൽ 19 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1073/2019)

നാലാം സെമസ്റ്റർ എം.എസ്‌സി. ഫിസിക്സ് (റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) മെയ് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്ട് വൈവ ജൂൺ 17 മുതൽ ബന്ധപ്പെട്ട കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ. വിദ്യാർഥികൾ ഹാൾടിക്കറ്റുമായി പരീക്ഷകേന്ദ്രങ്ങളിൽ എത്തണം.

(പി.ആർ.ഒ./39/1074/2019)

## സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസിൽ എം.എസ്‌സി. ബയോകെമിസ്ട്രിക്ക് പട്ടികവർഗ വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. വിദ്യാർഥികൾ യോഗ്യത തെളിയിക്കുന്ന അസൽ രേഖകളുമായി ജൂൺ 17ന് രാവിലെ 10ന് പഠനവകുപ്പിൽ എത്തണം.

(പി.ആർ.ഒ./39/1075/2019)

## റസിഡന്റ് ട്യൂട്ടർ വാക്ക്-ഇൻ-ഇന്റർവ്യൂ ജൂൺ 24ലേക്ക് മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല വനിതാ ഹോസ്റ്റലുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ താത്ക്കാലികമായി റസിഡന്റ് ട്യൂട്ടർമാരെ തെരഞ്ഞെടുക്കുന്നതിനായി ജൂൺ 15ന് നടത്താൻ നിശ്ചയിച്ചിരുന്ന വാക്ക്-ഇൻ-ഇന്റർവ്യൂ മാറ്റി. ജൂൺ 24 ആണ് പുതുക്കിയ തീയതി. താല്പര്യമുള്ളവർ 24ന് രാവിലെ 9.30ന് അസിസ്റ്റന്റ് രജിസ്ട്രാർ I (ഭരണവിഭാഗം) മുമ്പാകെ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2733302.

(പി.ആർ.ഒ./39/1076/2019)

## പരീക്ഷഫലം

2019 ജനുവരിയിൽ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ് (സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1077/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. ബയോടെക്നോളജി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 26 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1078/2019)

2018 ഡിസംബർ/2019 ജനുവരി മാസങ്ങളിൽ നടന്ന നാലാം വർഷ ബി.എച്ച്.എം.എസ്. സ്പെഷൽ ബിരുദ മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 22 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1079/2019)

2019 ജനുവരിയിൽ നടന്ന രണ്ടാം വർഷ (പഴയ സ്കീം) ബി.എസ്‌സി. നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 22 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1080/2019)

## വനിത ഇൻസ്ട്രക്ടർ നിയമനം; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല ലേഡീസ് ഫിറ്റ്നസ് സെന്ററിൽ കരാറടിസ്ഥാനത്തിൽ വനിത ഇൻസ്ട്രക്ടർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷമാണ് കരാർ കാലാവധി. പ്രതിമാസം 12500 രൂപയാണ് പ്രതിഫലം. പ്ലസ്ടു വിജയവും വെയിറ്റ് ലിഫ്റ്റിംഗ്, പവർ ലിഫ്റ്റിംഗ്, ബോഡി ബിൽഡിംഗ് ഇവയിലേതെങ്കിലുമുള്ള പ്രവൃത്തിപരിചയം, അംഗീകൃത സ്ഥാപനങ്ങളിൽ ആറുമാസത്തിൽ കുറയാതെ വനിതാ ഇൻസ്ട്രക്ടറായുള്ള പ്രവൃത്തി പരിചയം, അംഗീകൃത അലോപ്പതി ഡോക്ടറിൽ നിന്നുള്ള ഫിസിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവയാണ് യോഗ്യത. രാവിലെ ഏഴു മുതൽ ഒൻപതുവരെയും വൈകീട്ട് നാലു മുതൽ ഏഴുവരെയുമാണ് ഫിറ്റ്നസ് സെന്ററിലെ പ്രവൃത്തിസമയം. താല്പര്യമുള്ളവർ അപേക്ഷകൾ വിശദമായ ബയോഡാറ്റയും ബന്ധപ്പെട്ട രേഖകളും സഹിതം ജൂൺ 29ന് വൈകീട്ട് അഞ്ചിന് മുമ്പായി ഡെപ്യൂട്ടി രജിസ്ട്രാർ II (ഭരണം), മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., അതിരമ്പുഴ - 686560 എന്ന വിലാസത്തിൽ നൽകണം.

(പി.ആർ.ഒ./39/1081/2019)

## സിവിൽ സർവീസ് പരീക്ഷ പരിശീലനം; ജൂൺ 17 വരെ അപേക്ഷിക്കാം

യു.പി.എസ്.സി. സിവിൽ സർവീസ് പ്രാഥമിക പരീക്ഷ പരിശീലനത്തിന് മഹാത്മാ ഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ അവസരം. 18 വയസ് കഴിഞ്ഞ ബിരുദ വിദ്യാർഥികൾക്കായി ശനി, ഞായർ മറ്റൊഴിവ് ദിനങ്ങളിലാണ് പരിശീലനം.

അഭിരുചി പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനം. ആകെ 60 സീറ്റാണുള്ളത്. ജൂൺ 17 വരെ അപേക്ഷിക്കാം. പട്ടികജാതി/പട്ടികവർഗ, മറ്റ് പിന്നാക്ക സമുദായ വിദ്യാർഥികൾക്ക് സംവരണമുണ്ട്. സർവകലാശാല ലൈബ്രറി, കമ്പ്യൂട്ടർ ലാബ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിശദമായ വിജ്ഞാപനവും അപേക്ഷഫോമും www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1082/2019)

## അന്താരാഷ്ട്ര യോഗാദിനം; എം.ജി.യിൽ ഞായറാഴ്ച ഗുരുവന്ദനം

അന്താരാഷ്ട്ര യോഗദിനാഘോഷത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാല ലൈഫ് ലോങ് ലേണിംഗ് വകുപ്പിലെ അലുമ്നി അസോസിയേഷനും മാനവസേവ ചാരിറ്റബിൾ സൊസൈറ്റിയും സംയുക്തമായി ജൂൺ 16ന് ഗുരുവന്ദനം പരിപാടി സംഘടിപ്പിക്കും.

ഉച്ചകഴിഞ്ഞ് രണ്ടിന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. രജിസ്ട്രാറും വകുപ്പ് ഡയറക്ടറുമായ കെ. സാബുക്കുട്ടൻ അധ്യക്ഷത വഹിക്കും. യോഗാചാര്യന്മാരായ എം.പി. നാരായണൻ നായർ, സണ്ണി ചേന്നാട്ട്, ഇറഞ്ഞാൽ രാമകൃഷ്ണൻ, ഡോ. റ്റോംസ് ഏബ്രഹാം, അധ്യാപകരായ ഡോ. ഇ.എൻ. ബാലകൃഷ്ണൻ നായർ, ഡോ. എം.ആർ. ഗോപാലകൃഷ്ണൻ, ഡോ. എം. വിശ്വംഭരൻ, ഡോ. എസ്. സരിത് കുമാർ എന്നിവരെയാണ് ആദരിക്കുന്നത്.

2005 മുതൽ എം.ജി. സർവകലാശാലയിൽ നിന്ന് യോഗിക് സർവീസസിൽ 1400 പേർ സർട്ടിഫിക്കറ്റ് ഡിപ്ലോമ കോഴ്സുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

(പി.ആർ.ഒ./39/1083/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ